# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാനൂർ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/528/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/05/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, കോഴിക്കോട് (ഉപരിപത്രം സഹിതം)
5. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/528/2023 തീയ്യതി: 17/05/2023

## കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കിഷോർ തോമസ്. എം | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-04-2023 | 18-04-2023 |
| ശ്രീ. രാജിലൻ. എം.സി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് | 19-04-2023 | 27-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-04-2023 | 27-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഖില. എ.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.നാസർ മാസ്റ്റർ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. കെ,അഭിലാഷ് | സെക്രട്ടറി | 01-04-2021 | 30-09-2021 |
| ശ്രീ. രാജൻ, കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീന | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അനിൽ കുമാർ, ഐ.കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഹെലീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ഷാഹിന. എ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അനിൽ കുമാർ. സി | വെറ്റിനറി സർജൻ | 01-04-2021 | 10-01-2022 |
| ഡോ. മോഹൻ. എസ് | വെറ്റിനറി സർജൻ | 11-01-2022 | 31-03-2022 |
| ശ്രീ. രാജൻ. കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്യാമള. കെ.ആർ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. മജീദ്. വി.കെ | പ്രോജക്ട് ഓഫീസർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈന. കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 27-10-2021 |
| ശ്രീമതി. വിനീത. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-10-2021 | 16-11-2021 |
| ശ്രീമതി. അനിത.കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീ. ചന്ദ്രൻ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 30-06-2021 |
| ശ്രീ. ജിതേഷ് കുമാർ. കെ.വി | ഹെൽത്ത് ഇൻസ്പെക്ടർ | 01-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ക്യാഷ് ബുക്ക് തുകയിൽ വ്യത്യാസം. | 1-8-1 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | വാർഡ് സഭ | 1-10 |
| 13 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല | 1-11 |
| 14 | ബി.എസ്.എൻ.എൽ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 15 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 16 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല | 1-14 |
| 17 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 1-15 |
| 18 | മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-16 |
| 19 | തൊഴിൽ നികുതി ഈടാക്കൽ - അപാകതകൾ | 1-17 |
| 20 | എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് -അപാകതകൾ | 1-18 |
| 21 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 22 | ലേലം വരവ് അപാകതകൾ | 1-20 |
| 23 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ | 1-21 |
| 24 | വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിന് പ്രതിഫലം നൽകിയത് -₹35000 തടസ്സപ്പെടുത്തുന്നു | 1-22 |
| 25 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക -റെന്റ് റിക്കവറി ഈടാക്കേണ്ടതാണ്. | 1-23 |
| 26 | കോവിഡ് സ്പെഷൽ പ്രോജക്ട് - രേഖകൾ ലഭ്യമാക്കിയില്ല-₹499401 ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |

| | | |
|---|---|---|
| 27 | കോവിഡ് അർജന്റ് പ്രോജക്ട് അപാകതകൾ-₹ 476000 തടസ്സപ്പെടുത്തുന്നു | 1-25 |
| 28 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതി അപാകങ്ങൾ-₹316224 തടസ്സപ്പെടുത്തുന്നു. | 1-26 |
| 29 | ശുചീകരണ സാമഗ്രികൾ സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക 81,000 തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | ശുചിത്വ പാന്തർ -അജൈവ മാലിന്യ ശേഖരണവും തിരസ്കൃത മാലിന്യം നീക്കം ചെയ്യലും പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹2,10,000 തടസ്സപ്പെടുത്തുന്നു. | 1-28 |
| 31 | റിംഗ് കമ്പോസ്റ്റ് വ്യക്തി ഗതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹540360 തടസ്സപ്പെടുത്തുന്നു. | 1-29 |
| 32 | ഭവന നവീകരണം -ജനറൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹400000 തടസ്സപ്പെടുത്തുന്നു | 1-30 |
| 33 | ഐ.കെ.എം വിഹിതം നല്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 34 | ഡപ്പോസിറ്റ് വർക്കിനായി കെ.എസ്.ഇ.ബി ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-32 |
| 35 | സ്ട്രീറ്റ് ലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-33 |
| 36 | എസ് സി വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക ₹89994 തടസ്സപ്പെടുത്തുന്നു | 1-34 |
| 37 | എസ് സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹57805 തടസ്സപ്പെടുത്തുന്നു | 1-35 |
| 38 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹292626 തടസ്സപ്പെടുത്തുന്നു | 1-36 |
| 39 | എസ്.സി വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹ 91338തടസ്സപ്പെടുത്തുന്നു | 1-37 |
| 40 | പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും ചെലവ് രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക ₹150710 തടസ്സപ്പെടുത്തുന്നു | 1-38 |
| 41 | പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവ് തുക₹ 1994622 തടസ്സപ്പെടുത്തുന്നു | 1-39 |
| 42 | ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-40 |
| 43 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-41 |
| 44 | വായ്പാ ഇനത്തിൽ തിരിച്ചടക്കാനുള്ള തുക -കൃത്യമായ കണക്കില്ല | 1-42 |
| 45 | വാഹനങ്ങളുടെ പരിപാലനം | 1-43 |
| 46 | അങ്കണവാടികളിൽ അംഗീകൃത ബോർഡ് സ്ഥാപിക്കൽ -സ്ഥാപനത്തിൽ | 1-44 |

| | | |
|---|---|---|
| | നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. | |
| 47 | ഭിന്നശേഷി ഉപകരണ വിതരണം- രേഖകൾ ലഭ്യമാക്കിയിട്ടില്ല ₹619442 തടസ്സപ്പെടുത്തുന്നു | 1-45 |
| 48 | കോവിഡ് പ്രതിരോധ നിർവ്യാപന പ്രവർത്തനങ്ങൾ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹450384 തടസ്സപ്പെടുത്തുന്നു | 1-46 |
| 49 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ₹375000/യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-47 |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നു | 1-48 |
| 51 | റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണവും പരിശീലനവും- രേഖകൾ ലഭ്യമാക്കിയില്ല-3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-49 |
| 52 | തൊഴിൽ സംരംഭം-വ്യക്തിഗതം-രേഖകൾ ലഭ്യമാക്കിയില്ല-2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 53 | ബാലസൗഹൃദ നഗരസഭ-വൗച്ചറുകൾ ലഭ്യമാക്കിയില്ല- 60000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-51 |
| 54 | സ്ത്രീ പദവി പഠനം-രേഖകൾ ലഭ്യമാക്കിയില്ല-1,54,090 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-52 |
| 55 | തുടർ സാക്ഷരതാ പരിപാടികൾക്കുള്ള ധനസഹായ വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-53 |
| 56 | എം.സി.എഫ് നിർമ്മാണം പാതിവഴിയിൽ നിലച്ചു-130188 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-54 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ/ഇൻവെസ്റ്റ്മെന്റുകൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 09-02-2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30-03-2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 41909909 | 33755059 |
| വരവ് | 500591940 | 389301145 |
| ആകെ | 542501849 | 423056204 |
| ചെലവ് | 519177025 | 374681057 |
| നീക്കിയിരിപ്പ് | 23324824 | 48375147 |

## 1-2 വാർഷിക ധനകാര്യ പത്രിക

മുനിസിപ്പൽ കൗൺസിലിന്റെ 27-07-2022 ലെ തീരുമാനം നമ്പർ 26 പ്രകാരം 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചു.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 31-07-2022 (എയിംസിൽ | തിരിച്ചയച്ചിട്ടില്ല | -- |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1) താഴെ പറയുന്ന ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ | സുലേഖ ചെലവ് പത്രിക |
|---|---|---|---|
| വികസന ഫണ്ട്, ജനറൽ | 27296106 | 28942508 | 29532375 |
| വികസന ഫണ്ട്, എസ് സി പി | 2282254 | 2666560 | 2666560 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 7752746 | 9814297 | 8744385 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 5683271 | 6292402 | 6067668 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-<br>ടൈഡ്<br>അൺടൈഡ്<br>ആകെ | 130188<br>1500000<br>1630188 | 538068<br>111503650<br>112041718 | 12041718 |

2) ചെയർമാന്റെ ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ ₹14057ഉം B 17 ഷെഡ്യൂളിലും . രസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-40(b) ഷെഡ്യൂളിലും ₹39630 യുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

3) എം.പി ഫണ്ടിനത്തിലെ നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ ₹6469698ഉം B 17 ഷെഡ്യൂളിലും . രസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-40(b) ഷെഡ്യൂളിലും ₹2206344 യുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

4) നഗരസഭ വിവിധ വായ്പ ഇനത്തിൽ എടുത്ത തുക , 2021-22വർഷാരംഭം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക, 2021-22 വർഷത്തിൽ തിരിച്ചടച്ച തുക, 2021-22വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.വായ്പ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. 2021-2022വർഷം ജി.ഒ പ്രോജക്ടായി ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടച്ച ₹11,66,667 കുറക്കാതെ 2020-2021വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റിലെ അതേ തുകയാണ് ലോണിനത്തിലെ ബാധ്യതയായി ബാലൻസ്ഷീറ്റിൽ (B-5 ഷെഡ്യൂൾ)തുക രേഖപ്പെടുത്തിയത്

5) ബാലൻസ് ഷീറ്റിലെ ബി- 11 ഷെഡ്യൂളിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ തുകയായി 2020-21വർഷത്തെ അതേ തുകയാണ് 2021-22വർഷവും രേഖപ്പെടുത്തിയിരിക്കുന്നത്. ആസ്തി മൂല്യം , ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല..

6) റസീറ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ക്യാഷ് ബാലൻസ് നെഗറ്റീവാണ്.

7) ബാലൻസ് ഷീറ്റിലെ B3-ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അദേഴ്സ് എന്ന ഹെഡിൽ മുൻവർഷത്തെ തുക തന്നെ യാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

8) താഴെ പറയുന്ന ശീർഷകങ്ങളിലെ തുകകളിൽ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

| ക്രമ നമ്പർ | ഷെഡ്യൂൾ | കോഡ് നമ്പർ | ശീർഷകം | തുക |
|---|---|---|---|---|
| 1 | B-9 | 350110400 | Provident Fund Payable | -633407 |
| 2 | B-9 | 350110602 | Employees Liabilies- EPF | -65100 |
| 3 | B-9 | 350200130 | Recoveries Payable-EPF | -3600 |
| 4 | B-15 | 431190101 | Receivables For Profession Taxe-Institution/Professionals/Traders (Current) | -1206143 |
| 5 | B-15 | 431400102 | Rent Receivable From Civic Amenities (Arrears | -59141 |
| 6 | B-15 | 350400500 | Rent Receivable For Lease On Land (Current) | -22466 |
| 7 | B-15 | 350409900 | Rent Receivable For Lease On Land (Arrears) | -36734 |
| 8 | B-15 | 431800110 | Receivables For Service Cess (Current) | -131267 |
| 9 | B-15 | 431800120 | Receivables For Service Cess (Arrears) | -167375 |
| 10 | B-15 | 431400107 | Receivables For Surcharge On Property Tax (Arrears) | -229 |
| 11 | B-15 | 431910100 | State Govt Cesses/levies In Property Tax- Controle Account | -201709 |
| 12 | B-17 | 450100100 | Cash | -3660 |

| | | | | |
|---|---|---|---|---|
| 13 | B-17 | 450250101 | Treasury TSB Account | -34909428 |
| 14 | B-17 | 450650300 | Development Fund General | -13556 |
| 15 | 1-4(b) | 140500400 | Electricity Charges | -133681 |

9) ഡെപ്പോസിറ്റ് റജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് റജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10) ബാലൻസ് ഷീറ്റിലെ B-17-ഷെഡ്യൂളിൽ രേഖപ്പെടുത്തിയ അക്കൗണ്ടുകളുടെ പ്രതിമാസറീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്. വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക്, ട്രഷറിപാസ് ബുക്കുകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

11) കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ താഴെ പറയുന്ന കോഡ് നമ്പരുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുല്ല.

| ക്രമ നമ്പർ | കോഡ് നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 320100100 | Grants,Contribution For Specific Purposes-Central Govt, | 63427955 |
| 2 | 320200106 | Development Fund- Special Grant-Capital | 61200 |
| 3 | 320200299 | Fund For Transferred Institutions-others/Miscellaneous Capital | 351027 |
| 4 | 320802000 | Grant For Projects | 16973532 |
| 5 | 320809900 | Other Grants&Contributions For Specific Purpose | 2768236 |

13) ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ Dues To Other LSGIs ( Code No-350200108) 144000 രൂപ ഏതൊക്കെ LSGI കൾക്ക് ഏതിനത്തിൽ നല്കാനുള്ള തുകയാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

14) B9 ഷെഡ്യൂളിൽ ഡിസി ബി ഇനങ്ങളിൽ മുൻകൂറായി ഈടാക്കിയ താഴെ പറയുന്ന തുകകൾ വർഷങ്ങളായി ക്രമീകരിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| | | |
|---|---|---|
| 350410105 | സർച്ചാർജ്ജ് -വസ്തു നികുതി | 96 |
| 350410401 | സിവിക് അമ്നിറ്റീസ് -വാടക | 3087982 |
| 350410404 | ലീസ് ഓഫ് ലാൻഡ് വാടക | 1100 |
| 350419900 | അദർ റവന്യൂ | 284980 |

15) B-9 ബാധ്യത ഹെഡിൽ Value Added Tax ഇനത്തിൽ കോഡ് നമ്പർ 350200209 ൽ ₹35972 യും കോഡ് നമ്പർ 350200210 ൽ ₹51958യും നീക്കിയിരിപ്പുണ്ട്. സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

16)B9ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്കിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

17) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്റർ, പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

18) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

19) വിവിധ ഇനങ്ങളിൽ വരവ് വന്ന ഗ്രാന്റുകളുടെ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ ഏത് ആവശ്യങ്ങൾക്കായാണ് ലഭ്യമായതെന്ന് വിശദീകരിക്കുകയോ ചെയ്തിട്ടില്ല.

20) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (2007ലെ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 58 -2(ഡി) ഉൾപ്പെടുത്തിയിട്ടില്ല.

21) വാർഷീക ധനകാര്യ പത്രികയോടൊപ്പം Note On Account (2007ലെ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 58 -2) ഉൾപ്പെടുത്തിയിട്ടില്ല.

22) വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ (2007ലെ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 58 -3) ഉൾപ്പെടുത്തിയിട്ടില്ല

23) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഫണ്ടിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/24-04-2023) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 59920072 |
| വരവ് | 200560221 |
| ആകെ | 260480293 |
| ചെലവ് | 174740207 |
| നീക്കിയിരിപ്പ് | 85740086 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 7149184 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 31887067 | 31887067 | 27296106 | 4590961 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3067000 | 3067000 | 2282254 | 784746 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 14922000 | 14922000 | 7752746 | 7169254 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 14453169 | 14453169 | 5683271 | 8769898 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. (ടൈഡ് ) | 0 | 27163000 | 27163000 | 1500000 | 25663000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. ( അൺ ടൈഡ് ) | 0 | 15835009 | 15835009 | 130188 | 15704821 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 3271919.15 | 5131285 | 8403204.15 | 5406389.25 | 2996814.90 |
| സെൻട്രൽ ഗവ.ഫണ്ട് | 24189955 | 39238000 | 63427955 | 0 | 63427955 |
| ഗ്രാന്റ് ഫോർ പ്രോജക്റ്റ് | 16573532 | 400000 | 16973532 | 0 | 16973532 |
| സ്പെസിഫിക് പർപ്പസ് | 8722725 | 0 | 8722725 | 5954489 | 2768236 |
| കൈമാറി കിട്ടിയ സ്ഥാപന | 351027 | 0 | 351027 | 0 | 351027 |

| | | | | | |
|---|---|---|---|---|---|
| വരവ് | | | | | |
| വെൽഫെയർ ബോഡീസ് | 50000 | 0 | 50000 | 0 | 50000 |
| ഡവലപ്മെന്റ് ഫണ്ട് – സ്പെഷൽ ഗ്രാന്റ് | 61200 | 0 | 61200 | 0 | 61200 |
| എം.പി ഫണ്ട് | 6469698 | 0 | 6469698 | 0 | 6469698 |

വാർഷിക ധനകാര്യ പത്രിക, സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ലഡ്ജർ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യാറാക്കിയത്. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) ഇനങ്ങളിൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും (1-6 ഷെഡ്യൂൾ) ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ ഒരു രജിസ്റ്ററും സൂക്ഷിക്കുന്നില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 163277520 | 180 | 74599534 | 28 | 82 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 1355000 | 1315022 | 97.05 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 429000 | 162564 | 37.89 |
| കൃഷി ഓഫീസർ | 9 | 9 | 2992052 | 2219427 | 74.18 |
| സെക്രട്ടറി | 39 | 26 | 26053545 | 11732092 | 45.03 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 11 | 11 | 4934424 | 4633069 | 93.89 |
| ഹെഡ് മാസ്റ്റർ | 10 | 9 | 4601624 | 4106765 | 89.25 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 6130000 | 2521993 | 41.14 |
| പ്രോജക്ട് ഓഫീസർ,ദാരിദ്ര ലഘൂകരണം | 11 | 6 | 3875500 | 1503690 | 38.80 |
| ഹെൽത്ത് ഇൻസ്പെക്ടർ | 21 | 7 | 30943069 | 6866360 | 22.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 12192806 | 11273087 | 92.46 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 138 | 91 | 69770500 | 28265465 | 40.51 |
| ആകെ | 262 | 180 | 163277520 | 74599534 | 45.69 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3271919.15 | 5131285 | 8403204.15 | 5406389.25 | 2996814.90 |

തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേകം ക്യാഷ് ബുക്ക്/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വരവ്-ചെലവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7399000 | 4844 |

| | | |
|---|---|---|
| വിധവാപെൻഷൻ | 35458900 | 22578 |
| വാർദ്ധക്യകാല പെൻഷൻ | 65944500 | 45587 |
| ഭിന്നശേഷി പെൻഷൻ | 9879000 | 6297 |
| 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3074900 | 1968 |
| വിവാഹ ധനസഹായം | 630000 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-04-2023 തീയതിയിൽ 02.30 PM സൂപ്രണ്ട് (ജനറൽ) ന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹43045 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8-1 ക്യാഷ് ബുക്ക് തുകയിൽ വ്യത്യാസം.

ഓഡിറ്റിന്റെ ഭാഗമായി 17.04.2023 തീയതി 2.30 Pm ന് സൂപ്രണ്ട് (ജനറൽ) ന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ ക്യാഷ് ബുക്കിൽ ടി ദിവസത്തെ കളക്ഷനല്ലാതെ 149627 രൂപ ക്യാഷ് ബാലൻസ് ഉള്ളതായി കണ്ടു. ക്യാഷ് ബുക്കിലെ ക്യാഷ് ബാലൻസിലുള്ള വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/18-04-2023) മറുപടി നല്കിയിട്ടില്ല. ക്യാഷ് ബാലൻസിലുള്ള വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമല്ല. ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്ന കാര്യത്തിലും കണക്ക് സൂക്ഷിപ്പിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വായ്പാ രജിസ്റ്റർ ഓഡിറ്റ് റിക്കവറി രജിസ്റ്റർ, വിവിധ ഗ്രാന്റുകളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ നമ്പർ ക്രമത്തിൽ അടുക്കി സൂക്ഷിച്ചിട്ടില്ല, സാംഖ്യ സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്ത വൗച്ചർനമ്പർ സഹിതമുള്ള പേമെന്റ് ഓർഡർ വൗച്ചറുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. വൗച്ചറുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തുന്നില്ല. എല്ലാ വൗച്ചറുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ കണക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല. വായ്പാ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ കണക്ക് മുനിസിപ്പാലിറ്റിയിലില്ല. മുൻകൂറുകൾ ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രതിമാസ, വർഷാന്ത്യ ബാങ്ക്/ട്രഷറി റീക്കൺസിലേഷൻ നടത്തുന്നില്ല. വാർഷിക ധനകാര്യ പത്രിക പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാമാസവും സ്റ്റാഫ് മീറ്റിങ്ങ് വിളിച്ചുചേർക്കുന്നില്ല. 2021-22 വർഷം ആകെ നാല് സ്റ്റാഫ് മീറ്റിങ്ങ് മാത്രമാണ് നടന്നിട്ടുള്ളത്, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം മുനിസിപ്പാലിറ്റി ഓഫീസിലില്ല എന്നതും പോരായ്മയാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 വാർഡ് സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ മുനിസിപ്പാലിറ്റിയിലെ 40 വാർഡുകളിലും 2021-22 വർഷം വാർഡ് സഭായോഗം ചേർന്നിട്ടില്ല.

## 1-11 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പൊതു

തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തേ എന്നാൽ 6 മാസത്തിനകം മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ, സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി തുടങ്ങിയ വിവരങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ പുതിയ കൗൺസിൽ രൂപീകരിക്കപ്പെട്ടിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇതേവരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-35/24-04-2022} 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് നടപ്പിലായിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്. പൗരാവകാശ രേഖ അടിയന്തരമായി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം മുനിസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-12 ബി.എസ്.എൻ.എൽ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

നഗരസഭാ പരിധിയിലെ ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. നിലവിൽ ബിഎസ്എൻഎൽ ഒരു സർക്കാർ കമ്പനിയായി പ്രവർത്തിച്ച വരുന്നതിനാൽ അവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.12.2004 ലെ സർക്കുലർ നം.43657/B4/04/LSGD പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് BSNL ൽ നിന്നും അതിന്റെ രൂപീകരണ തീയതി മുതൽ വസ്തുനികുതി ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 01.06.2017 ലെ WP(C) No.10972 (F) ബി.എസ്.എൻ.എൽ Vs സ്റ്റേറ്റ് ഓഫ് കേരളയുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ ബി.എസ്.എൻ.എൽ ന് അതിന്റെ സ്വത്തുക്കളുടെ കാര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരം നികുതിയിൽനിന്നും ഇളവ് അവകാശപ്പെടാനാവില്ലെന്ന് വ്യക്തമായിട്ടുണ്ട്.
ഓഡിറ്റിന്റെ ഭാഗമായി ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ ഓഫീസ്, ക്വാർട്ടേഴ്സ്,ടെലഫോൺ എക്സ്ചേഞ്ച്, മൊബൈൽ ടവർ എന്നീ ഉപയോഗക്രമങ്ങളിൽ ബി.എസ്.എൻ.എൽ ന്റെ സ്ഥാപനങ്ങൾ പാനൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിവരം | വിസ്തീർണ്ണം (ച.മീ) | നഗരസഭാ നിരക്ക് (ച.മീ) |
|---|---|---|---|---|
| 1. | 1/1128 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 2. | 1/1129 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 3. | 1/1130 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 4. | 1/1131 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 5. | 1/1132 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 6. | 1/1133 | BSNL ക്വാർട്ടേഴ്സ് കെട്ടിടം | 15 | 35 |
| 7. | 1/1134 | BSNL ഓഫീസ് കെട്ടിടം | 522 | 40 |

ബി.എസ്.എൻ.എൽ ന്റെ അധീനതയിലുള്ള മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്നും കൂടാതെ ടി കെട്ടിടങ്ങളുടെ വസ്തുനികുതിയിലുള്ള കുടിശ്ശിക ഈടാക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.21 തീയതി 20.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ബി.എസ്.എൻ.എൽ ന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

11.03.2005 ലെ സ.ഉ(എം.എസ്)നം.70/2005/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിലെ സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളേയും അവയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ

ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളേയും അവയോടനുബന്ധിച്ച ഹോസ്റ്റലുകളെയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 235 പ്രകാരമുള്ള വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ 12.04.2012 ലെ 49590/ആർ.സി2 /2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ 14.01.2011 മുതൽ വസ്തു നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഇനത്തിൽ തുക പിരിച്ചെടുക്കാൻ കുടിശ്ശിക ഉണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | ഇസ്ലാമിക് നഴ്സറി സ്കൂൾ | 18/31 | പ്രസിഡന്റ്, ഇസ്ലാമിക് നഴ്സറി സ്കൂൾ | 320 | 2088 | 2016 First Half മുതൽ |
| 2. | സിറാജുൾ ഹുദ എഡ്യുക്കേഷണൽ | 15/449 A | പ്രസിഡന്റ്, സിറാജുൾ ഹുദ എഡ്യുക്കേഷണൽ | 333 | 2413 | 2016 First Half മുതൽ |
| 3 | മുസ്ലീം എഡ്യുക്കേഷൻ ആൻറ് കൾച്ചറൽ ഫോറം | 18/484 | എൻ.എ അബൂബക്കർ ചെയർമാൻ, മുസ്ലീം എഡ്യുക്കേഷൻ ആൻറ് കൾച്ചറൽ ഫോറം | 46.83 | 376 | 2021 First Half മുതൽ |
| 4 | മുസ്ലീം എഡ്യുക്കേഷൻ ആൻറ് കൾച്ചറൽ ഫോറം | 18/476 | എൻ.എ അബൂബക്കർ ചെയർമാൻ, മുസ്ലീം എഡ്യുക്കേഷൻ ആൻറ് കൾച്ചറൽ ഫോറം | 110 | 879 | 2021 First Half മുതൽ |
| 5 | ശ്രീനാരായണ നഴ്സറി സ്കൂൾ | 13/230 | ശ്രീനാരായണ നഴ്സറി സ്കൂൾ | 10 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | 2013-14 First Half മുതൽ |

മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.23 തീയതി 20.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള അൺ എയ്ഡഡ് സ്ക്കൂളുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മറ്റ് അൺ എയ്ഡഡ് സ്ഥാപനങ്ങളെ കണ്ടെത്തി ആയവ വസ്തുനികുതി അടവാക്കുന്നില്ലെങ്കിൽ കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-14 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

2017-18 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ്

കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ള തറവിസ്തീർണം (ച.മീ) | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 29/363 | സൈനബ | 604/17-18 05.03.18 To 04.03.21 | 80.32 Ground Floor 7.13 First Floor | 60.63 First Floor | 80 | നിലവിലുള്ള തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം 87.45 (ച.മീ) ആണെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 80 (ച.മീ) ആണ് |
| 2 | 40/1056 | ഹസ്സൻ | 397/17-18 10.11.17 To 09.11.20 | 277.31 Ground Floor 235.72 Basement 280.57 First Floor | 169.53 First Floor | 503 | നിലവിലുള്ള തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം793.6 (ച.മീ) ആണെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 503(ച.മീ) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ആണ് |
| 3 | 3/2g | കുഞ്ഞിമൂസ | 425/17-18 12.10.17 To 11.10.20 | 248.74 Ground Floor | 219.74 First Floor | 44.63 | നിലവിലുള്ള തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം 248.74(ച.മീ) ആണെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 44.63(ച.മീ) ആണ് |
| 4 | 5/24 A | വിജിത്ത് കുമാർ എം | 696/17-18 23.04.18 To 22.04.21 | 176.97 Ground Floor | 38.73 Ground Floor 175.47 First Floor | 240 | നിലവിലുള്ള തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം 176.97 (ച.മീ) ആണെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 240 (ച.മീ) ആണ് |
| 5 | 7/89 | പദ്മനാഭൻ നമ്പ്യാർ | 732/17-18 03.02.18 To 02.02.21 | 30.9 Ground Floor 93.25 First Floor | 123.2 Ground Floor | 128 | നിലവിലുള്ള തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം 124.15 (ച.മീ) ആണ്.സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 128 (ച.മീ) ആണ് |
| 6 | 36/116 | സജീവൻ | 9/18-19 | 118.62 Ground | 76.82 First | 168.2 | നിലവിലുള്ള |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 08.01.18 To 06.03.22 | Floor 8.65 First Floor | Floor | | തറവിസ്തീർണം പെർമിറ്റ് രജിസ്റ്റർ പ്രകാരം 127.27 (ച.മീ) ആണ്. സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണയിച്ച തറവിസ്തീർണം 168.2 (ച.മീ) ആണ് |

പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, നിലവിലുള്ള തറവിസ്തീർണവും സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണവും വ്യത്യാസപ്പെട്ടിരിക്കുന്നതിന് കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(22/20.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തേണ്ടതുമാണ്. നിലവിലുള്ള തറവിസ്തീർണവും സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണവും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം കണ്ടെത്തേണ്ടതും നികുതി നിർണയത്തിൽ അപാകങ്ങളുണ്ടെങ്കിൽ ആയത് തിരുത്തേണ്ടതുമാണ്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233(2) വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അത് നിർമ്മിച്ച നാൾ മുതൽ പൊളിച്ചു കളയുന്നതുവരെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയസോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം നഗരസഭാ പരിധിയിൽ 10 അനധികൃത കെട്ടിടങ്ങളാണുള്ളത്. ആയതിൽ താഴെ പരാമർശിച്ച കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ തുക പിരിച്ചെടുക്കാനുണ്ട്.

| ക്രമനം | വാർഡ്നം/കെട്ടിട നം | ഉടമസ്ഥന്റെ പേര് | സഞ്ചയപ്രകാരം വിസ്തീർണ്ണം | വസ്തു നികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 12/34a, | നൃച്ചിക്കാട്ട് മുസ്തഫ | 62.1 | 39059 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |
| 2 | 12/34b | നൃച്ചിക്കാട്ട് മുസ്തഫ | 62 | 38986 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |
| 3 | 12/34c | നൃച്ചിക്കാട്ട് മുസ്തഫ | 62.1 | 37115 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |
| 4 | 12/34d | നൃച്ചിക്കാട്ട് മുസ്തഫ | 62 | 37046 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |
| 5 | 31/105 | മറിയം | 12 | 7201 | 2020-21 ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| | | | | | മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |
| 6 | 40/617/a(UAC) | പുത്തലത്ത് ലത്തീഫ് | 1120 | 1690115 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിവരിച്ച അനധികൃത കെട്ടിടങ്ങളുടെ ഉടമസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും, നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അത്തരം കെട്ടിടങ്ങൾക്കുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/20.04.23) മറുപടി നൽകിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ വർഷങ്ങളായി കുടിശ്ശിക ഉള്ളതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക(ലൈബ്രറി സെസ്സ്,സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) |
|---|---|---|---|
| 39/357a | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 158795 |
| 18/262a | കെ.ഗോപകുമാർ .ലെസ്സി. റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 2016-17 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 76380 |
| 1/1069 | മാനേജർ ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | 2015-2016 രണ്ടാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 56786 |
| 38/115a | പ്രൊജക്റ്റ് മാനേജർ എം.എസ് വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2016 രണ്ടാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 71641 |
| 16/72 | വോഡാഫോൺ എസ്സാർ ലിമിറ്റഡ് | 2020-21 രണ്ടാംഅർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 8487 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 15 മൊബൈൽ ടവറുകൾക്കാണ് വസ്തുനികുതി നിർണ്ണയം നടത്തിയത്. എന്നാൽ ജി.ഐ.എസ് മാപ്പിംഗ് സൈറ്റിലെ വിവരശേഖരണ പ്രകാരം 21 മൊബൈൽ ടവറുകളാണുള്ളത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനും അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.26 തീയതി 20.04.23) മറുപടി നൽകിയിട്ടില്ല. ജി.ഐ.എസ് മാപ്പിംഗിലെ വിവരങ്ങളും കൂടി പരിഗണിച്ച് വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി നിർണ്ണയം നടത്താൻ അവശേഷിക്കുന്ന ടവറുകളെ കണ്ടെത്തി നികുതി നിർണയം നടത്തേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കൽ - അപാകതകൾ

നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. സ്ഥാപന മേധാവിയുടെ തസ്തികയും സ്ഥാപനത്തിന്റെ പേരും സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ ആകെ തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര് , തസ്തിക , ഓരോരുത്തരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)തൊഴിൽ നികുതി അടവാക്കിയ രസീത് നമ്പർ, തീയ്യതി എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4) ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

സ്ഥാപനത്തിൽ സൂക്ഷിച്ച തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|
| കരിയാട് സർവ്വീസ് സഹകരണ ബാങ്ക് | 2021-22 ഒന്നാം അർദ്ധവർഷം |
| സഫാരി സൂപ്പർ മാർക്കറ്റ് | 2021-22 ഒന്ന്,രണ്ട് അർദ്ധവർഷം |
| തലശ്ശേരി റൂറൽ എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22 ഒന്നാം അർദ്ധവർഷം |
| പാനൂർ ടൗൺ പീപ്പിൾസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| പാനൂർ കണസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ് ,പുല്ലൂക്കര | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| കൃഷി ഭവൻ, പെരിങ്ങത്തൂർ | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| എൻ.എ.എം ഹയർ സെക്കന്ററി സ്കൂൾ | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| പെരിങ്ങളം നോർത്ത് എൽ പി സ്കൂൾ | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| കടാംകുനി യു.പി സ്കൂൾ | 2021-22ഒന്നാം അർദ്ധവർഷം |
| പെരിങ്ങളം ചാലിയ എൽ,പി സ്കൂൾ | 2021-22ഒന്നാം അർദ്ധവർഷം |
| കണ്ണംവെള്ളി എൽ. പി സ്കൂൾ | 2021-22ഒന്നാം അർദ്ധവർഷം |
| പുല്ലൂക്കര മുസ്ലിം എൽ.പി സ്കൂൾ | 2021-22ഒന്നാം അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ്,അണിയാരം | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| സബ് പോസ്റ്റ് ഓഫീസ്,കരിയാട് | 2021-22 ഒന്നാം അർദ്ധവർഷം |
| പ്രിന്റോ ഓഫ്സെറ്റ് പ്രിന്റേർസ് | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| ദാദ റസ്റ്റോറന്റ്, പാനൂർ | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| കെ.വി.ആർ വെഹിക്കിൾസ്,പാനൂർ | 2021-22ഒന്ന്, രണ്ട് അർദ്ധവർഷം |
| അക്ബർ ട്രാവൽസ് പാനൂർ | 2021-22ഒന്നാം അർദ്ധവർഷം |

| | |
|---|---|
| ശ്രീ ഗുരുവായൂരപ്പൻ ചിറ്റസ് ആന്റ് ഫണ്ട്സ്, പാനൂർ | 2021-22ഒന്നാം അർദ്ധവർഷം |
| എം.ആർ.എ ബേക്കറി, പാനൂർ | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| ജെ എസ് എൽ കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| പാനൂർ ടൗൺ വനിത സഹകരണ സംഘം | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| പാനൂർ പബ്ലിക് സർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |
| എം ജെ ക്ലിനിക്ക് | 2021-22ഒന്നാം അർദ്ധവർഷം |
| മലബാർ ഹോം സെന്റർ | 2021-22ഒന്നാം അർദ്ധവർഷം |
| സ്മൈൽ ഡന്റൽ ക്ലിനിക്ക് | 2021-22ഒന്നാം അർദ്ധവർഷം |
| പ്രൊപ്രൈറ്റർ, സി എച്ച് മൊയ്തു മാസ്റ്റർ ഓഡിറ്റോറിയം | 2021-22ഒന്നും രണ്ടും അർദ്ധവർഷം |
| ഡന്റൽ കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡന്റൽ ക്ലിനിക്ക് | 2021-22ഒന്നും രണ്ടും അർദ്ധവർഷം |

6) <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2021-22 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| ഡന്റൽ കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡന്റൽ ക്ലിനിക്ക് | 2021-22ഒന്നും രണ്ടും അർദ്ധവർഷം |
| സ്മൈൽ ഡന്റൽ ക്ലിനിക്ക് | 2021-22ഒന്നും രണ്ടും അർദ്ധവർഷം |
| മലബാർ ഹോം സെന്റർ | 2021-22ഒന്നാം അർദ്ധവർഷം |
| കണ്ണൂർജില്ലാ സഹകരണബാങ്ക് ഈവനിംഗ് ബ്രാഞ്ച്, പാനൂർ | 2021-22ഒന്ന് ,രണ്ട് അർദ്ധവർഷം |
| കേരളാ ഗ്രാമീൺ ബാങ്ക് പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽബാങ്ക്, പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| വനിതാ സർവ്വീസ് സഹകരണ സംഘം, പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| മുത്തൂറ്റ് ഫിൻകോർപ്പ് പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് , പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് ,സായഹ്നശാഖ, | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് ,ഏലാങ്കോട് | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| ഐ.സി.ഐസി.ഐ ബാങ്ക്പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| മുത്തൂറ്റ് ഫിനാൻസ് ,പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| സിൻഡിക്കേറ്റ് ബാങ്ക്പാനൂർ | 2021-22 ഒന്നാം അർദ്ധവർഷം |
| പാനൂർകോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി,പാനൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പെരിങ്ങളം സർവ്വീസ് സഹകരണ ബാങ്ക് | 2021-22 ഒന്നാം അർദ്ധവർഷം |
| സപ്ലൈകോ, പെരിങ്ങളം | 2021-22ഒന്ന് ,രണ്ട് അർദ്ധവർഷം |
| പെരിങ്ങളം വനിതാ സഹകരണ സംഘം | 2021-22ഒന്ന് ,രണ്ട് അർദ്ധവർഷം |

| | |
|---|---|
| പെരിങ്ങത്തൂർ വനിതാകോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22ഒന്ന് ,രണ്ട് അർദ്ധവർഷം |
| കണ്ണൂർജില്ലാ ബാങ്ക് പെരിങ്ങത്തൂർ | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കണ്ണൂർജില്ലാ ബാങ്ക് പെരിങ്ങത്തൂർ സായഹ്നശാഖ | 2021-22ഒന്ന് ,രണ്ട് അർദ്ധവർഷം |
| കരിയാട് സർവ്വീസ് സഹകരണ ബാങ്ക് | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| സപ്ലൈകോ, കരിയാട് | 2021-22 ഒന്ന് ,രണ്ട് അർദ്ധവർഷം |
| വനിതാസഹകരണ സംഘം കരിയാട് | 2021-22 ഒന്ന്, രണ്ട് അർദ്ധവർഷം |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29 തിയ്യതി 20-04-2023) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യുകയും കുടിശ്ശികയുള്ള നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. രജിസ്റ്ററിൽ തൻ വർഷത്തെ ആകെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവ രേഖപ്പെടുത്തിയ സംക്ഷിപ്തം തയ്യാറാക്കി ഹാജരാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ അപാകതകൾ പരിഹരിച്ചു കൊണ്ട് കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് -അപാകതകൾ

പാനൂർ മുനിസിപ്പാലിറ്റിയിൽ വാണിജ്യ/വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 5002 |
| 2 | 100 $M^2$ മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 295 |
| 3 | 200 $M^2$ വരെയുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | 200 $M^2$ മുകളിലുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 187 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ,തുടങ്ങിയവ | 7 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്,സിനിമ തിയേറ്റർ | 50 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 62 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 9 |
| | ആകെ | 5616 |

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 5616 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ 2021-22 വർഷം എഫ് ടി ആന്റ് ഒ എസ്

ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 5616 കെട്ടിടങ്ങളിൽ 1300 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി മുനിസിപ്പാലിറ്റിയിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമായിട്ടില്ല. 2021-22 ലെ പാനൂർ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം 1848398 രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശികയായി 888109 രൂപയും ലൈസൻസ് ഫീ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഫീ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക കാണിക്കുന്നത് നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നതാണ് . ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനും സ്വീകരിച്ച തുടർ നടപടികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(27/20.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1) അനുസരിച്ച് നഗരസഭാ പരിധിയിലെ സ്ഥലങ്ങൾ ഏതാവശ്യത്തിനും ലൈസൻസ് കൂടാതെ ഉപയോഗിക്കരുത് എന്ന് വ്യക്തമാക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | നികുതി ഇനം | 31-3-2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക | |
|---|---|---|---|
| | | തൻവർഷം | അരിയർ |
| 1 | വസ്തുനികുതി | ₹ 7399144 | ₹ 12486287 |
| 2 | തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ | - | ₹ 20000 |
| 3 | വാടക (From Civic Amenities) | ₹68580 | - |
| 4 | ലൈസൻസ് ഫീ | ₹ 1848398 | ₹ 888109 |
| 5 | സർചാർജ്ജ് (Property Tax) | ₹ 9490 | (₹ 229) |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി മുനിസിപ്പാലിറ്റി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു(24/20.04.23) മറുപടി നൽകിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-20 ലേലം വരവ് അപാകതകൾ

ഓരോ ലേല ഇനത്തിലും ലേലംകൊണ്ട വ്യക്തിയുടെ വിശദാംശങ്ങളും ലേലം കൊണ്ട തുകയുടെ വിശദാംശങ്ങളും പിരിഞ്ഞു കിട്ടിയ തുക സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (30/20.04.23)താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

| ക്രമ നമ്പർ | ലേല വിവരങ്ങൾ | ലേലം കത്തക എടുത്ത വ്യക്തി | ലേലതുക | മറുപടി |
|---|---|---|---|---|
| 1 | പാനൂർ മത്സ്യമാർക്കറ്റ് | ലേലം നടന്നിട്ടില്ല. | - | കെട്ടിടം അപകടാവസ്ഥയിലായതിനാൽ 2021-22 വർഷം ലേലം ചെയ്തില്ല. കൗൺസിൽ തീരുമാന നമ്പർ 9/2020 |

| | | | | |
|---|---|---|---|---|
| | | | | തിയ്യതി 29.07.20 പ്രകാരം പൊളിച്ച് മാറ്റുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| 2 | കരിയാട് മത്സ്യ മാർക്കറ്റ് | ലേലം നടന്നിട്ടില്ല. | - | കൗൺസിൽ തീരുമാന നമ്പർ 9/2020 തിയ്യതി 29.07.20 പ്രകാരം അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 6 | പെരിങ്ങത്തൂർ പബ്ലിക്ക് ടോയ് ലറ്റ് | ലേലം നടന്നിട്ടില്ല. | - | കെട്ടിടം അപകടാവസ്ഥയിൽ ആയിരുന്നതിനാൽ ലേലം കൊള്ളുന്നതിന് ആരും തന്നെ തയ്യാറായില്ല. |
| 8 | ആയുർവേദ ആശുപത്രി തെങ്ങ് ആദായ ലേലം കുത്തകാവകാശം | ലേലം കൊള്ളാൻ ആരും തയ്യാറായില്ല. | - | ലേലം, പുനർ ലേലം ചെയ്തെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ല. |

പാനൂർ മത്സ്യമാർക്കറ്റ്, കരിയാട് മത്സ്യ മാർക്കറ്റ്, എന്നിവിടങ്ങളിലെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി ലേലം ചെയ്ത് നഗരസഭയ്ക്ക് തനത് വരുമാനം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെരിങ്ങത്തൂർ പബ്ലിക്ക് ടോയ് ലറ്റ് ലേലനടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. പ്രസ്തുത മുറികൾ ഉപയോഗക്ഷമമാണോയെന്നും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. പാനൂർ മത്സ്യമാർക്കറ്റ്, കരിയാട് മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിലെ ലേലം കൊണ്ട ആളുകൾ മുറികൾ ഒഴിയുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും മുറികൾ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ സാധിക്കാത്ത മോശം അവസ്ഥയിലാണെന്നും പൊളിച്ചുമാറ്റുന്നതിന് കൗൺസിൽ (19/2020 തിയ്യതി 29.07.20) തീരുമാനമെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ പരിശോധന നടത്തി ഫിറ്റ്നസ് ഉൾപ്പടെയുള്ള പരിശോധനാറിപ്പോർട്ട് നൽകുന്നതിനായി എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയോ പരിശോധനാറിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തതിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. ഫിറ്റ്നസ് പരിശോധന നടത്താതെ കെട്ടിടം പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനമേധാവിയാണ്. പ്രസ്തുത വിഷയത്തിൽ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കാത്തപക്ഷം കെട്ടിടത്തിന്റെ ബലക്ഷയം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾക്ക് നഗരസഭ അധികാരികൾ ഉത്തരവാദികളാകുന്നതാണ്. കൂടാതെ തനത് വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുകയോ സർക്കാർ അനുമതി തേടി പൊളിച്ചുമാറ്റി പുതിയ നിർമ്മാണ പ്രവൃത്തികൾ നടത്തി പ്രവർത്തനസജ്ജമാക്കുകയോ ചെയ്യാത്തത് അധികാരികളുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-21 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ

നഗരസഭയുടെ പാനൂർ ബസ് സ്റ്റാൻഡിനോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സ്, നഗരസഭയുടെ മാർക്കറ്റിനോട് ചേർന്ന റൂമുകൾ,നഗരസഭയുടെ പെരിങ്ങത്തൂർ ടൗണിലുള്ള റൂമുകൾ എന്നിവ 2021-22 വർഷം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരം നഗരസഭ കൗൺസിൽ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച ബൈലോ.

2. മുറികൾ വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനുമായി നഗരസഭ സെക്രട്ടറി ചമച്ച കാലികവും നിയമ പ്രാബല്യമുള്ളതുമായ കരാർ.

3. മുറി ലഭിക്കുന്ന ആൾക്ക് എത്ര വർഷത്തിന് ശേഷം ഏത് നിരക്കിലാണ് പ്രതിമാസ വാടക അധികം നിശ്ചയിച്ച് വാടക പുനഃപരിശോധിക്കുന്നത് എന്നതിന്റെ വിവരങ്ങൾ.

4. 2021-22 വർഷം ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20.04.2023) ലഭ്യമാക്കിയ മറുപടിയിൽ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. പെരിങ്ങത്തൂർ മാർക്കറ്റ് കെട്ടിടത്തിലെ 18/699 ാം നമ്പർ മുറി ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതാണ്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരനുമായി നഗരസഭ കരാർ ചമയ്ക്കേണ്ടതാണ്.

## 1-22 വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിന് പ്രതിഫലം നൽകിയത് -₹35000 തടസ്സപ്പെടുത്തുന്നു

ചെക്ക് നമ്പർ തീയതി തുക 021691 /12-10-2021 ₹35000

തനത് ഫണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് സഹായിച്ച പഞ്ചായത്ത് പെർഫോർമൻസ് ഓഡിറ്റിലെ ശ്രീമതി.രേഖ.ടി.വി എന്നവർക്ക് മേൽ വൗച്ചർ പ്രകാരം ₹35000 നല്കിയിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട വൗച്ചർ പരിശോധനക്ക് ലഭ്യമാക്കാനും ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് തുക അനുവദിച്ചത് എന്ന് വ്യക്തമാക്കാനും ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-36/21-04-2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ട വിശദീകരണങ്ങൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 35000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക -റെന്റ് റിക്കവറി ഈടാക്കേണ്ടതാണ്.

സ്വന്തമായി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറിമാർക്ക് വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/ തീയതി. 10.01.2017 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം ₹10000 വീതം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ വക ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരന് വീട്ടുവാടക അലവൻസിന് അർഹതയില്ല. ജി.ഒ(പി)-27/2021/ഫിൻ, തീയതി 10-02-2021 ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം 50200-105300 ഉം അതിന് മുകളിലുമുള്ള ശമ്പള സ്കെയിലിൽ ഉൾപ്പെട്ടവരിൽ നിന്നും അടിസ്ഥാനശമ്പളത്തിന്റെ 2% റെന്റ് റിക്കവറി ഈടാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറിയായ ശ്രീ. അഭിലാഷ്, കെ വീട്ടുവാടക ബത്ത കൈപ്പറ്റിയിട്ടില്ലെങ്കിലും 55200-115300എന്ന സ്കെയിലിൽ 56500 രൂപ അടിസ്ഥാന ശമ്പളം വാങ്ങിയിരുന്ന ടിയാനിൽ നിന്ന് 2% റെന്റ് റിക്കവറി ഈടാക്കിയിട്ടില്ല. റെന്റ് റിക്കവറി ഇനത്തിൽ ഈടാക്കേണ്ട തുക കണക്കാക്കി ഈടാക്കേണ്ടതും തനത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 1-24 കോവിഡ് സ്പെഷൽ പ്രോജക്ട് - രേഖകൾ ലഭ്യമാക്കിയില്ല-₹499401 ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പാനൂർ |
| പ്രൊജക്ട് നം, പേര് | 164/22, കോവിഡ് സ്പെഷൽ പ്രോജക്ട് |
| അടങ്കൽ | ₹500000 (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവ് | ₹499401 |

| | |
|---|---|
| ബിൽനം,തീയതി,തുക | ₹99650-98775/02-06-2021<br>₹99975-98764/02-06-2021<br>₹99837-109462/08-06-2021<br>₹99947-132201/18-06-2021<br>₹99992-175437/06-02-2021<br>ആകെ ₹499401 |

മേൽ പ്രോജക്ട് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ചികിത്സക്കും ആവശ്യമായ മരുന്നുകളും മാസ്കുകളും വാങ്ങുന്നതിന് ഡബനേർ ലിങ്ക്സ് തലശ്ശേരി, വെസ്റ്റേൺ ഫാർമ തലശ്ശേരി എന്നീ സ്ഥാപനങ്ങൾക്ക് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. മരുന്നുകളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റേയും, വിതരണം ചെയ്തതിന്റേയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡബനേർ ലിങ്ക്സ് സമർപ്പിച്ച ₹99837 യുടെ ഇൻവോയിസിലെ രേഖപ്പെടുത്തലുകൾക്ക് വ്യക്തതയില്ല. വ്യക്തമായ രേഖപ്പെടുത്തലുകളോട് കൂടിയ ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/12.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹499401 തടസ്സപ്പെടുത്തുന്നു. ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 കോവിഡ് അർജന്റ് പ്രോജക്ട് അപാകതകൾ-₹ 476000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പാനൂർ |
| പ്രൊജക്ട് നം, പേര് | 167/22, കോവിഡ് അർജന്റ് പ്രോജക്ട് |
| അടങ്കൽ | ₹ 600000 (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവ് | ₹ 476000 |
| ബിൽ നം,തീയതി,തുക | ബിൽ നമ്പർ. 639193/11.11.21- ₹ 38250<br>ബിൽ നമ്പർ. 394937/10.09.21- ₹ 15300<br>ബിൽ നമ്പർ. 77722/08.02.22- ₹ 44200<br>ബിൽ നമ്പർ. 518520/08.10.21- ₹ 44200<br>ബിൽ നമ്പർ. 743504/04.12.21- ₹ 44200<br>ബിൽ നമ്പർ. 53946/25.03.22- ₹ 44200<br>ബിൽ നമ്പർ. 907952/10.01.22- ₹ 44200<br>ബിൽ നമ്പർ. 263163/04.08.21- ₹ 44200<br>ബിൽ നമ്പർ. 370234/03.09.21- ₹ 29750<br>ബിൽ നമ്പർ. 273227/06.08.21- ₹ 18700<br>ബിൽ നമ്പർ. 109457/08.06.21- ₹ 44200<br>ബിൽ നമ്പർ. 167035/01.07.21- ₹ 22100<br>ബിൽ നമ്പർ(ACR പ്രകാരം). 249/04.03.22- ₹42500 |

സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്ടിന് ₹ 476000 ചെലവുണ്ട്. എന്നാൽ ₹433500 യുടെ ചെലവ് രേഖകൾ മാത്രമെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. ₹ 42500 ടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പി.എച്ച്.സി പാരാമെഡിക്കൽ സ്റ്റാഫിന്റെ വേതനം നൽകുന്നതിനാണ് മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം ₹476000 അനുവദിച്ചിട്ടുള്ളത്. എന്നാൽ എല്ലാ ജീവനക്കാരുടേയും ഹാജർ സംബന്ധിച്ച രേഖകൾ, ഏതെല്ലാം മാസങ്ങളിലായി എത്ര തുക ഓരോ ജീവനക്കാരനും അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ, ജീവനക്കാരെ നിയമിച്ചു കൊണ്ടുള്ള കൗൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/12.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാർക്ക് നിയമനം നല്കിയതിന്റെ സുതാര്യതയും വേതനം നല്കിയതിലെ കൃത്യതയും പരിശോധിക്കാനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹ 476000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതി അപാകങ്ങൾ-₹316224 തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | | |
|---|---|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 11/2022, മേക്കുന്ന് പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 12/2022, പെരിങ്ങളം പി.എച്ച്.സി ക്ക് പ്രിന്റർ, ലാപ്ടോപ്പ് വാങ്ങൽ | 10/2022, പാനൂർ പി.എച്ച്.സി ക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹200000 വികസന ഫണ്ട് | ₹100000 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ₹60000 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) |
| ചെലവ് | ₹162666 | ₹99663 | ₹ 53895 |
| ബിൽ നമ്പർ,തീയതി,തുക | 180708/07-07-2021,₹51309<br>180704/07-07-2021,₹51045<br>180699/07-07-2021,₹60312 | 215485/19-07-2021,₹39351<br>215488/19-07-2021,₹60312 | 140380/23-06-2021,₹51045<br>689306/23-11-2021,₹2850 |

| | | | |
|---|---|---|---|
| പ്രഫോർമ ഇൻവോയ്സ് | TVM/ITBG/P1/RC/27716 /20-21/06-07-2021-₹51309 TVM/ITBG/P1/RC/27717 /20-21/06-07-2021-₹51045 TVM/ITBG/P1/RC/27715 /20-21/06-07-2021 -₹60312 | TVM/ITBG/P1/RC/27968 /20-21/14-07-2021-₹39351 TVM/ITBG/P1/RC/27967 /20-21/14-07-2021-₹60312 | TVM/ITBG/P1/RC/27296 /20-21/21-06-2021-₹51045 EGC-489/17-11-2021-₹2850 |

മേൽ പ്രോജക്ടുകൾ പ്രകാരം മേക്കന്ന്, പെരിങ്ങളം, പാനൂർ പി എച്ച് സികളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനായി കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരം യഥാക്രമം ₹162666, ₹99663, ₹51045 കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലാപ്ടോപ്പ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ, ഒറിജിനൽ കേഷ് ബില്ല്, എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നമ്പർ 10/2022 പ്രകാരം യു.പി.എസ് വാങ്ങുന്നതിനായി ഇഗാപോ ഐ.ടി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് ₹2850 ഇൻവോയ്സ് നമ്പർ EGC-489/17-11-2021 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും യു.പി.എസ് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(14/12.04.23) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ പ്രോജക്ട് നമ്പർ 11/2022, 12/2022, 10/2022 പ്രകാരമുള്ള ചെലവ് തുകകൾ യഥാക്രമം ₹162666, ₹99663, ₹53895 തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ശുചീകരണ സാമഗ്രികൾ സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക 81,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ, പേര് | 305/22, ശുചീകരണ സാമഗ്രികൾ സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹62550 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹87450 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹150000 |
| ചെലവ് | ₹62550 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹18450 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ- 81,000 |
| ബിൽ നമ്പർ,തീയതി,തുക | 2224136852, 16-2-22, ₹62550<br>CO72200497122 Dt 7-3-22 ₹18450 |

മേൽ പദ്ധതി പ്രകാരം വീഡ് കട്ടർ വാങ്ങുന്നതിന് വേണ്ടിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത് .ക്വാട്ടേഷൻ /ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് റെയ്ഡ്കോ , കുത്തുപറമ്പിൽ നിന്നും മൂന്ന് KAMCO BRIUSH CUTTER -KBC 300 വീഡ് കട്ടർ വാങ്ങിയിട്ടുണ്ട്. റെയ്ഡ്കോ സമർപ്പിച്ച ബിൽ പ്രകാരം 27,000 രൂപയാണ് ഒരു വീഡ് കട്ടറിന്റെ വില. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) പ്രോജക്ട് ഫോറത്തിൽ ഒരു വീഡ് കട്ടർ വാങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും മൂന്ന് വീഡ് കട്ടർ വാങ്ങിയിട്ടുണ്ട്.

2) വീഡ് കട്ടർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) സൂലേഖ പ്രകാരം 81000 രൂപയുടെ ചെലവ് ഉണ്ടെങ്കിലും 62550 റെയ്ഡ്കോവിന് നൽകിയതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. റെയ്ഡ്കോവിന് നൽകാൻ ബാക്കിയുള്ള 18450 രൂപ നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/12-04-2023) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 81,000 തടസ്സപ്പെടുത്തുന്നു.

## 1-28 ശുചിത്വ പാന്നൂർ -അജൈവ മാലിന്യ ശേഖരണവും തിരസ്കൃത മാലിന്യം നീക്കം ചെയ്യലും പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹2,10,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ, പേര് | 88/22, ശുചിത്വ പാന്നൂർ -അജൈവ മാലിന്യ ശേഖരണവും തിരസ്കൃത മാലിന്യം നീക്കം ചെയ്യലും |
| അടങ്കൽ | ₹125100, ധനകാര്യ കമ്മീഷൻ അവാർഡ്<br>₹174900, കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ- ₹3,00,000 |
| ചെലവ് | ₹120000, ധനകാര്യ കമ്മീഷൻ അവാർഡ്<br>₹90000, കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ- ₹2,10,000 |
| ബിൽ/ചെക്ക് നമ്പർ,തീയതി,തുക | 144/6-01-2022, ₹120000 ധനകാര്യ കമ്മീഷൻ അവാർഡ്<br>ചെക്ക് നമ്പർ 550931/ 25-1-22 ₹90000 കേന്ദ്രാവിഷ്കൃത ഫണ്ട് |

മേൽ പദ്ധതി പ്രകാരം നഗര സഭയിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്ത് കൊണ്ട് പോകുന്നതിന് ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനമുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ആയതിൽ ലോഡ് ഒന്നിന് 15000 രൂപ എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ മുഹമ്മദ് ഹർഷാദ് പി എം എന്നവരുടെ ക്വട്ടേഷൻ 29-11-21 ലെ നഗരസഭ കൗൺസിലിന്റെ 29/21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 3-12-21 മുതൽ 18-12-21 വരെ വിവിധ വാർഡുകളിൽ നിന്നും 14 ലോഡ് മാലിന്യം നീക്കംചെയ്തതിന് ശ്രീ മുഹമ്മദ് ഹർഷാദ് പി എം എന്നവർക്ക് 210000 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8/11/2010 ലെ ജി ഒ(പി) 259/2010 പ്രകാരമുള്ള മാർഗരേഖ പ്രകാരം 100000 മുകളിലുള്ള സേവങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ് സേവനദാതാവിനെ കണ്ടെത്തിയത്. മാലിന്യം എത്ര ഉണ്ടെന്നത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പി എം മുഹമ്മദ് അർഷാദിന്റെ ക്വട്ടേഷൻ പ്രകാരം ഒരു ലോഡിന് 15,000 രൂപ പ്രകാരം 14ലോഡിന് 210000 രൂപ അനുവദിക്കുകയാണ് ചെയ്തത്. ക്വട്ടേഷൻ അംഗീകരിച്ച ശ്രീ മുഹമ്മദ് ഹർഷാദ് പി എം മലബാർ മെറ്റൽ ,തോട്ടട എന്നിവർ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുള്ള അക്രഡിറ്റഡ് ഏജൻസി ആണെന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) മാലിന്യം നീക്കം ചെയ്തതിൽ 3-12-21, 4-12-21, 6-12-21 തീയതികളിൽ മാലിന്യം നീക്കം ചെയ്തതിന്റെ വണ്ടിയുടെ ട്രിപ്പ്ഷീറ്റ് ഹാജരാക്കിയിട്ടില്ല മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ മേൽനോട്ടം നടത്താൻ ചുമതലനൽകിയ ഹെൽത്ത് ഇൻസ്പെക്ടർ ആയത് പരിശോധിച്ച റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 90000 രൂപ നൽകിയതിന്റെ ചെക്ക് /ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) തുക അനുവദിക്കുമ്പോൾ ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം കരാറുകാരനിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല.

5)പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.04.23)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹2,10,000 തടസ്സപ്പെടുത്തുന്നു.

## 1-29 റിംഗ് കമ്പോസ്റ്റ് വ്യക്തി ഗതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹540360 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പക്ടർ |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 270/22, റിംഗ് കമ്പോസ്റ്റ് വ്യക്തിഗതം |
| അടങ്കൽ | ₹792000, ധനകാര്യ കമ്മീഷൻ അവാർഡ്<br>₹875000, കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹582500, സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹250000, ഉണഭോക്തൃ വിഹിതം<br>ആകെ 2499500 |
| ചെലവ് ₹540360 | ₹315030 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹225330 ധനകാര്യകമ്മീഷൻ ഗ്രാന്റ് (സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) |
| ബിൽ നമ്പർ,തീയതി | C0322290342370 Dt 31-03-22 ₹225330<br>Co52235826659 Dt 21-3-22 ₹315030 |

വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ഇ ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ (2080 രൂപ ക്വാട്ട് ചെയ്ത ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ്, 2280 രൂപ ക്വാട്ട് ചെയ്ത ഉണശ്രീ വേർമി കമ്പോസ്റ്റ് & വേസ്റ്റ് മാനേജ്മെന്റ് ) ഉയർന്ന നിരക്കായ 2280 രൂപ യുടെ ടെണ്ടർ ആണ് അംഗീകരിച്ചത്. അതനുസരിച്ച് വാങ്ങിയ റിംഗ് കമ്പോസ്റ്റ് ഉണഭോക്തൃ വിഹിതം ഇനത്തിൽ 250 രൂപ വെച്ച് അടവാക്കിയ 237 പേർക്ക് നൽകി. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഇ ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശുദ്ധി വേസ്റ്റ് കൺവേഷൻ യൂണിറ്റിന്റെ ടെണ്ടർ പരിഗണിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ഉണശ്രീ വേർമി കമ്പോസ്റ്റ് & വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) ഉണഭോക്തൃ വിഹിതമിനത്തിൽ 237 പേരിൽ നിന്നും 250 വിതം 59250 രൂപ ശേഖരിച്ചതായി നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക ശേഖരിച്ചതുമായി ബന്ധപ്പെട്ട രശീതി, മുൻസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ഉണശ്രീ വേർമി കമ്പോസ്റ്റ് & വേസ്റ്റ് മാനേജ്മെന്റയൂണിറ്റിന്റെ 26-3-22 തീയതിയിലെ ഇൻവോയ്സ് നമ്പർ 114 പ്രകാരം 237 യൂണിറ്റിന് 2280 രൂപവെച്ച് 540360 രൂപ നൽകാനുണ്ട്. അതിൽ ധനകാര്യകമ്മീഷൻഗ്രാന്റിൽ നിന്നും 225030 രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 315330 രൂപയും ചേർത്ത് ആകെ 540360 രൂപ ഉണശ്രീ വേർമി കമ്പോസ്റ്റ് & വേസ്റ്റ് മാനേജ്മെന്റയൂണിറ്റിന് നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 315330 രൂപ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. PFMS വഴി നൽകിയ 225030 രൂപ സുലേഖയിൽ ചെലവ് കാണിച്ചില്ല. 225030 രൂപയ്ക്ക് റിക്വസിഷൻനൽകുമ്പോൾ തെറ്റായി റിംഗ് കമ്പോസ്റ്റ് (പ്രോജക്ട് നമ്പർ 307/22 ) ൽ നൽകിയതിനാൽ മേൽ തുക ആ പ്രൊജക്ടിലാണ് ചെലവായി കാണിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്.

4) ഉണഭോക്തൃ വിഹിതമിനത്തിൽ ശേഖരിച്ച തുക ഉണശ്രീ വേർമി കമ്പോസ്റ്റ് & വേസ്റ്റ് മാനേജ്മെന്റയൂണിറ്റിന് നൽകിയതായി കാണുന്നില്ല. ഉണഭോക്തൃ വിഹിതമിനത്തിലെ തുക നൽകാതെ ₹59250 മറ്റ് ഫണ്ടുകളിൽ നിന്നും നൽകിയത് ശരിയായ നടപടിയല്ല.

5) റിംഗ് കമ്പോസ്റ്റ് വാർഡുകളിൽ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) തുക അനുവദിക്കുമ്പോൾ ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സ്ഥാപനത്തിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല.

അപാകങ്ങൾ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ12/12.04.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹540360 തടസ്സപ്പെടുത്തുന്നു.

## 1-30 ഭവന നവീകരണം -ജനറൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-₹400000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 271/22, ഭവന നവീകരണം -ജനറൽ |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പക്ടർ |

| | |
|---|---|
| അടങ്കൽ | ₹898250 വികസന ഫണ്ട്, പൊതു വിഭാഗം<br>₹401750 തനത് ഫണ്ട്<br>ആകെ 1300000 |
| ചെലവ് | ₹400000 |
| ബിൽ നമ്പർ,തീയതി,തുക | 352/25-3-2022, ₹200000<br>189/11-2-2022, ₹200000 |

മേൽ പദ്ധതി പ്രകാരം ഭവന നവീകരണത്തിനായി 8 ഗുണഭോക്താക്കൾക്ക് മൊത്തം 400000 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി-14.02.2018)യിലെ ഖണ്ഡിക 6.7 പ്രകാരം വീട് പുനരുദ്ധാരണം (മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ )പൊതു വിഭാഗത്തിന് പരമാവധി 75000 രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതും ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 100 ച മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

2) ആനുകൂല്യം അനുവദിച്ച ഷീല. എം. കെ എന്ന ഗുണഭോക്താവിന്റെ ഭവനത്തിന് സഞ്ചയ പ്രകാരം 104.72 M2 വിസ്തീർണം ഉണ്ട് . 100 ച മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടിന്റെ പുനരുദ്ധാരണത്തിന് ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടിയല്ല.

3) ആനുകൂല്യം അനുവദിച്ച നാരായണി. പി എന്നവരുടെ വീടിന് സഞ്ചയ പ്രകാരം 2 വർഷം മാത്രമേ കാലപ്പഴക്കം ഉള്ളൂ. തദ്ദേശ ഭരണസ്ഥാപന ധനസഹായത്തോടെ സ്വയം നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . ആയത് പരിശോധിക്കാതെയാണ് ധന സഹായം അനുവദിച്ചിരിക്കുന്നത്.

4) നാരായണി. പി എന്ന ഗുണഭോക്താവിന്റെ ഫയലിനൊപ്പം ഹാജരാക്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് കാലിത്തൊഴുത്ത് നവീകരണത്തിന്റേതാണ്.
മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/21.04.23 ) മറുപടി നൽകിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-31 ഐ.കെ.എം വിഹിതം നല്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,പാനൂർ നഗരസഭ |
| പ്രോജക്ടിന്റെ നമ്പരും പേരും | 18/2022, ഐ.കെ.എം വിഹിതം |
| അടങ്കൽ | ₹ 1,00,000 വികസനഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹ 1,00,000വികസനഫണ്ട് (പൊതു വിഭാഗം) |
| ബിൽ നമ്പർ& തീയ്യതി | 02/10-5-2021 ( ACR പ്രകാരം) |

സ.ഉ. (സാധാ) നം 1228/16/തസ്വഭവ/08.03.2016 ലെ നിർദ്ദേശപ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% IKM ന്റെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിന്റെ ഭാഗമായി മേൽ പ്രോജക്ട് പ്രകാരം ₹ 100000 ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/21-04-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-32 ഡപ്പോസിറ്റ് വർക്കിനായി കെ.എസ്.ഇ.ബി ക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 173/22, താർ ചെയ്ത റോഡിന് 250 മീറ്റർ ലൈൻവലിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1500000, ധനകാര്യകമ്മീഷൻഗ്രാന്റ് |
| ചെലവ് | ₹1500000 |

| | |
|---|---|
| ബിൽ നമ്പർ,തീയതി,തുക | 275/14-3-22, ₹405318<br>327/23-3-22, ₹30090<br>389/29-3-22, ₹1064592 |

മേൽ പദ്ധതി പ്രകാരം 1,2,3,4,5,6,7,8,9,10,38,39,40 എന്നീ വാർഡുകളിൽ ലൈൻവലിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി,പാനൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 405318 രൂപയും അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി, പെരിങ്ങത്തൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 1064592രൂപയും വാർഡ് 11 ൽ ലൈൻ വലിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി പാനൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 30090 രൂപയും ചേർത്ത് ആകെ 15 ലക്ഷം രൂപ കെ.എസ്.ഇ.ബി യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കെ എസ് ഇ ബി പാനൂർ ഇലക്ട്രിക്കൽ സെക്ഷന്റെ അക്കൗണ്ടിലേക്ക് ₹435408 ഉം കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക് ₹1064592യും ആണ് ട്രാൻസ്ഫർ ചെയ്തത്. കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റെ രശീതി, തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 40/21.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-33 സ്ട്രീറ്റ് ലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 97/22,ഓരോ വാർഡിലും 250 മീറ്റർ നീളത്തിൽ താർ ചെയ്ത റോഡിന് ലൈൻവലിക്കൽ |
| അടങ്കൽ | ₹10,00,000, തനത് ഫണ്ട് |
| ചെലവ് | ₹949605 |
| ചെക്ക് നമ്പർ, തീയതി,തുക | 5577894 Dt 18-3-22 ₹446170<br>5560826 Dt 29-3-22 ₹247257<br>5560836 Dt 31-3-22 ₹ 256178 |

മേൽ പദ്ധതി പ്രകാരം 1,2,3,4,5,6,7,8,9,10,38,39,40 എന്നീ വാർഡുകളിൽ ലൈൻവലിക്കുന്നതിന് കെ.എസ്.ഇ.ബി, പാനൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 446170 രൂപയും കെ.എസ്.ഇ.ബി പെരിങ്ങത്തൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 256178 രൂപയും വാർഡ് 11,37, 27,29,32 ൽ ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി പാനൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 247257 രൂപയും ചേർത്ത് ആകെ 949605 രൂപ ബന്ധപ്പെട്ട കെഎസ് ഇ ബിയുടെ അക്കൊണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക്₹ 256178യും കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പാനൂരിന്റെ അക്കൗണ്ടിലേക്ക് ₹693427 രൂപയുമാണ് ട്രാൻസ്ഫർ ചെയ്തത് . കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് തുക വിനിയോഗിച്ചതിൽ 446170 രൂപ വിനിയോഗിച്ചതിന്റെയും 27,29,32 വാർഡുകളിൽ ലൈൻവലിക്കുന്നതിനായി നിക്ഷേപിച്ച 188257 രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് . വാർഡ് 11 ൽ ലൈൻ വലിക്കുന്നതിനായി നിക്ഷേപിച്ച 29500 രൂപയുടെയും . വാർഡ് 37 ൽ ലൈൻവലിക്കുന്നതിനായി നിക്ഷേപിച്ച 29500 രൂപയുടെയും കെ.എസ്.ഇ.ബി പെരിങ്ങത്തൂർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരംനൽകിയ 256178 രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും ഉണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കാനും വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 41/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല വിനിയോഗസാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 എസ് സി വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - രേഖകൾ ഹാജരാക്കിയില്ല

ചെലവ് തുക ₹89994 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 57/22,എസ് സി വിദ്യാർത്ഥികൾക്ക് മേശ ,കസേര വിതരണം |
| അടങ്കൽ | ₹ 90000, വികസന ഫണ്ട്, എസ്.സി.പി |
| ചെലവ് | ₹89994 |
| ബിൽ നമ്പർ,തീയതി,തുക | 276 /14-3-2022 |

മേൽ പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിനായി KADCOവിന്റെ ഇൻവോയ്സ് നമ്പർ 685 Dt 10-3-22 പ്രകാരം 18 മേശയും 18 കസേരയും ഒരു സെറ്റിന് 4999.66 രൂപ വെച്ച് 89994 രൂപക്ക് വാങ്ങിച്ചു . 24-9-21 ലെ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം 18 വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 18 പേർ ഉണ്ടെങ്കിലും അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയ 15 പേർക്ക് ഫർണിച്ചർ വിതരണം ചെയ്യാനാണ് നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയലിൽ ആർക്കൊക്കെ ഫർണിച്ചർ വിതരണം ചെയ്തു എന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

3) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി-14-02-2018)യിലെ ഖണ്ഡിക 7.2.7 ൽ ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

4) വിതരണം ചെയ്യാൻബാക്കി നിൽക്കുന്ന ഫർണിച്ചറുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/21.04.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹89994 തടസ്സപ്പെടുത്തുന്നു.

1-35 എസ് സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹57805 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 59/22, എസ് സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹100000,വികസന ഫണ്ട്,എസ്.സി.പി |
| ചെലവ് | ₹57805 |
| ബിൽ നമ്പർ, തീയതി,തുക | 409 /30-3-2022 ₹ 47805<br>415/30-3-22 ₹10000 |

മേൽ ബില്ലുകൾ പ്രകാരം എസ്.സി വിഭാഗത്തിൽ ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം -എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി യൂറോപ്യൻക്ലോസറ്റ് സ്ഥാപിക്കുന്നതിന് 6 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് .പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) എസ്.സി വിഭാഗത്തിൽ ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം ചെയ്യുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ യൂറോപ്യൻക്ലോസറ്റിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് പരാമർശിച്ചിട്ടില്ലാത്തതിനാൽ മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശത്തിനനുസരിച്ച് 10000 രൂപയോ, ബിൽ തുകയോ ഏതാണ് കുറവ് ആ തുകയാണ് നൽകുന്നത്. ധനസഹായം അനുവദിച്ച അനന്തൻ കെ പി, ആയുഷ് കെ, നാണി ടി എന്നീ ഗുണഭോക്താക്കൾക്ക് 10000 രൂപ വെച്ച് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും ഇവർ ക്ലോസറ്റ് സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഗുണഭോക്താക്കൾ ശാരീരിക അവശത അനുഭവിക്കുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

4) യൂറോപ്യൻ ക്ലോസറ്റ് സ്ഥാപിച്ചത് സംബന്ധിച്ച വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/21.04.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹57805 തടസ്സപ്പെടുത്തുന്നു

## 1-36 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- ₹292626 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 56/22, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹300000,വികസന ഫണ്ട്, എസ്.സി.പി |
| ചെലവ് | ₹292626 |
| ബിൽ നമ്പർ,തീയതി,തുക | 328 /23-3-2022 |

മേൽ പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ജെം പോർട്ടലിൽ നിന്നും SERVITE SYSTEMS എന്ന കമ്പനിയിൽ നിന്ന് ഒരു ലാപ്ടോപ്പിന് ₹48771 (ജി.എസ്.ടി ഉൾപ്പെടെ ) നിരക്കിൽ 6 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

!) അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 8 പേർ ഉണ്ടെങ്കിലും ആയതിൽ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയ 6 പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2) ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2) ഗുണഭോക്താവായ അമൽ രാജ് എന്ന വിദ്യാർത്ഥിക്ക് പട്ടിക ജാതി വികസനവകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/21.04.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹292626 തടസ്സപ്പെടുത്തുന്നു

## 1-37 എസ്.സി വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹ 91338തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 61/22, എസ്.സി വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | ₹115000, വികസന ഫണ്ട്, എസ്.സി.പി |
| ചെലവ് | ₹91338 |
| ബിൽ നമ്പർ,തീയതി,തുക | 319 /21-3-2022 ₹86989<br>363/26-3-22 ₹4349 |

മേൽ പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി KADCOവിന്റെ ഏറ്റവും കുറഞ്ഞ ക്വട്ടേഷന് നഗര സഭ കൗൺസിലിന്റെ 18-2-2022 ലെ ആറാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിക്കുകയും ആയതനുസരിച്ച് 4349.48 രൂപ നിരക്കിൽ 21 കട്ടിലുകൾ സപ്ലൈ ചെയ്യാൻ 24-2-22 തീയതിയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു .പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

2) കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3) കട്ടിലുകൾ ഗുണഭോക്താക്കൾകൈപ്പറ്റിയതായുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ സൂക്ഷിച്ച രശീതിയിൽ ഗുണഭോക്താക്കളുടെ അടുത്ത ബന്ധുക്കൾകൈപ്പറ്റിയതായാണ് കാണിച്ചിട്ടുള്ളത്. ഏത് ഗുണഭോക്താവിന് വേണ്ടിയാണ് ആനുകൂല്യം കൈപ്പറ്റിയതെന്നുള്ള വിവരം രശീതിയിൽ കാണിച്ചിട്ടില്ല

4) ഗുണഭോക്താക്കളിൽ ശാന്ത എം.പി , എന്നവർ ജനിച്ച വർഷം ആധാർ കാർഡ് പ്രകാരം 1963 ആണ്. ഇവർക്ക് 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് ആണ് ആനുകൂല്യം അനുവദിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/21.04.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹91338 തടസ്സപ്പെടുത്തുന്നു.

## 1-38 പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും ചെലവ് രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക ₹150710 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 1/22, പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹140760. വികസന ഫണ്ട് (പൊതു വിഭാഗം)<br>₹107760, തനത് ഫണ്ട്<br>ആകെ₹ 248520 |
| ചെലവ് | ₹140760 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹9950 തനത് ഫണ്ട്<br>ആകെ ₹150710 |
| ബിൽ നമ്പർ /ചെക്ക് നമ്പർ,തീയതി,തുക | 1)38/4-8-21 ₹ 65260<br>2) 92/1-11-21 ₹ 42500<br>3) 243/2-3-22 ₹ 28000<br>4) 286/16-3-22 ₹ 4000<br>5)287/16-3-22 ₹1000<br>6) ചെക്ക് നമ്പർ 5560822/29-3-22 ₹ 7000<br>7)ചെക്ക് നമ്പർ 02385 /31-3-22 ₹ 1600<br>8)ചെക്ക് നമ്പർ 5560837 /31-3-22 ₹ 1350 |

പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും എന്ന പ്രോജക്ടിൽ ₹150710 രൂപയുടെ ചെലവുണ്ട്. എന്നാൽ മുൻസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിൽ 2020-21 വർഷം വാർഡ് സഭ ചേർന്നതിന്റെ നടത്തിപ്പ് ചെലവ് ഇനത്തിൽ 1000രൂപ വീതം വാർഡ് കൗൺസിലർമാർക്ക് ക്രമനമ്പർ 3,4,5 എന്നിവയിലെ ബില്ലുകൾ പ്രകാരം അനുവദിച്ച 33000 രൂപയുടേയും ക്രമനമ്പർ 6 പ്രകാരമുള്ള ചെക്ക് വഴി നൽകിയ 7000 രൂപയുടെയും ബില്ലുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. അനുബന്ധ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 1,2,7,8 എന്നിവ പ്രകാരമുള്ള ബില്ലുകളും അനുബന്ധ വൗച്ചറുകളും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(54/25.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹150710 തടസ്സപ്പെടുത്തുന്നു.

## 1-39 പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവ് തുക₹ 1994622 തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ,പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ചെക്ക് നമ്പർ/തിയ്യതി/തുക |
|---|---|---|---|---|
| 1 | 371/22 , 2018-19 കൗൺസിൽ ഹാളിലേക്ക് ഫർണിച്ചർ വാങ്ങിയ തുക അനുവദിക്കൽ | തനത് ഫണ്ട് ₹5,00,000 | തനത് ഫണ്ട് ₹359488 | 175/03.02.22-₹359488(ACR പ്രകാരം) |

| | | | | |
|---|---|---|---|---|
| 2 | 231/22- നഗരസഭ സമ്പൂർണ്ണ വിവരശേഖരണം, വസ്തു നികുതി പരിഷ്കരണം | ₹778600 വികസന ഫണ്ട്, പൊതു വിഭാഗം L₹921234 തനത് ഫണ്ട് | ₹778600 വികസന ഫണ്ട് ₹856534തനത് ഫണ്ട് ആകെ 1635134 | 43/11.08.21-₹ 713900 226/23.02.22-₹ 64700 ചെക്ക് നമ്പർ: 5577875/28.02.22- ₹525300 ചെക്ക് നമ്പർ: 5560821/29.03.22- ₹331234 |

മേൽ പ്രോജക്ടുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ചെലവ് ഉണ്ടെങ്കിലും മേൽ പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് രേഖകൾ സൂക് ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാനും ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (55/26-4-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ പരാമർശിച്ച് രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള ₹ 1994622 (₹359488 + ₹778600 + ₹856534) ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.01.2017ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക., വാർഷിക റിവ്യൂകളും നടത്തേണ്ടതാണ്. എന്നാൽ നഗരസഭ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് പദ്ധതി മാർഗരേഖയിലെ (സ.ഉ.(കൈ)നം.17/2018/തസ്വഭവ,തീയതി,02-02-2018) ഖണ്ഡിക-6.7 നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സമഗ്രമായ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല, മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയുടെ വ്യക്തമായ വിവരങ്ങൾ നിലവിൽ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മുഴവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

## 1-41 മുൻകൂർ ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം മുൻകൂർ ഇനത്തിൽതാഴെ പറയുന്ന തുകകൾ ക്രമീകരിക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | കോഡ് നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 460100400 | Festival Advance To Employees | 120000 |
| 2 | 460100400 | Miscellaneous Advance | 1667139 |
| 3 | 460100400 | Other Advances-Municipal Fund | 1823 |
| 4 | 460100400 | Advance To Other | 55000 |

മുനിസിപ്പാലിറ്റിയിൽ മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ആർക്ക് , ഏത് തീയതി നൽകിയതാണെന്നും, ഇത് വരെയായും ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമല്ല. കേരള ഫിനാൻഷ്യൽ കോഡ്,വോള്യം ഒന്നിലെ ആർട്ടിക്കിൾ 99ൽ മുൻകൂർ നൽകിയ തുക 3 മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മുൻകൂറുകൾ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിച്ച് ക്രമീകരിക്കേണ്ടതുമാണ്.

## 1-42 വായ്പാ ഇനത്തിൽ തിരിച്ചടക്കാനുള്ള തുക -കൃത്യമായ കണക്കില്ല

മുനിസിപ്പാലിറ്റിയിൽ വായ്പാ വരവ്, തിരിച്ചടവ് എന്നിവ രേഖപ്പെടുത്തുന്ന വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2021-2022വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം 31-03-2022 ന് കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ ₹2,93,60,000യും മറ്റ് ലോൺ ഇനത്തിൽ ₹5,11,332 യും തിരിച്ചടക്കാൻ ബാക്കിയുണ്ട്. 2020-2021വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് B-5 ഷെഡ്യൂളിലെ അതേ തുകയാണ് 2021-2022വർഷവും ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയത്. 2021-2022വർഷം ജി.ഒ പ്രോജക്ടായി ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടച്ച ₹11,66,667 യുടെ ചെലവ് കുറക്കാതെയാണ് ബാലൻസ്ഷീറ്റിൽ (B-5)തുക രേഖപ്പെടുത്തിയത്. 2020-2021, 2021-2022,വർഷങ്ങളിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടച്ച തുകകൾ (യഥാക്രമം ₹22,93,334, ₹11,66,667) കുറക്കാതെ 2019-20 വർഷം വായ്പയെടുത്ത ₹2,93,60,000തന്നെയാണ് കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായി ബാലൻസ്ഷീറ്റിലെ B-5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വായ്പ എടുത്തതിന്റേയും തിരിച്ചടച്ചതിന്റേയും കൃത്യത പരിശോധിക്കുന്നതിനായി ഒരു രേഖയും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധിച്ച് വായ്പയെടുത്ത തുകയുടേയും,തിരച്ചടച്ച തുകയുടേയും ഇനി തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടേയും കൃത്യമായ വിവരം ശേഖരിച്ച് വായ്പാ രജിസ്റ്റർ തയ്യാറാക്കേണ്ടതും വാർഷിക ധനകാര്യപത്രികയിൽ കൃത്യമായ കണക്ക് ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-43 വാഹനങ്ങളുടെ പരിപാലനം

നഗരസഭയുടെ കൈവശമുള്ള വാഹനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.(വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3/10-04-2023) മുനിസിപ്പാലിറ്റി സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

| ക്രമ നമ്പർ | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | വാഹനത്തിന്റെ തരം | വാഹനം ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നുള്ള വിവരം | വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ | വാഹനത്തിന്റെ നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|
| 1 | KL 58 Z 5751 | കാർ, മാരുതി-സിയാസ് | ചെയർമാന്റെ ഔദ്യോഗിക വാഹനം | ഹെൽത്ത് ഇൻസ്പെക്ടർ | പ്രവർത്തന സജ്ജം |
| 2 | KL58 T 9226 | കാർ, ബൊലേറോ | സെക്രട്ടറിയുടെ ഔദ്യോഗിക വാഹനം | ഹെൽത്ത് ഇൻസ്പെക്ടർ | പ്രവർത്തന സജ്ജം |
| 3 | KL 58 AD 9954 | പിക്കപ്പ് വാൻ ISUZU Dmax | ആരോഗ്യ വിഭാഗം വാഹനം | ഹെൽത്ത് ഇൻസ്പെക്ടർ | പ്രവർത്തന സജ്ജം |
| 4 | KL58 L 5000 | ആംബുലൻസ് ഇക്കോ | സ്വാന്ത്വന പരിചരണം | ഹെൽത്ത് ഇൻസ്പെക്ടർ | പ്രവർത്തന സജ്ജം |
| 5 | KL58 HI | ഗുഡ്സ് | മാലിന്യ സംസ്കരണം | ഹെൽത്ത് ഇൻസ്പെക്ടർ | പ്രവർത്തന സജ്ജം |

